REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 11-08-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നും ഉച്ചയ്ക്ക് രണ്ട് വരെ നിർത്തി വെച്ചു.**
- **ന്യൂഡൽഹിയിൽ പാർലമെന്റ് അംഗങ്ങൾക്ക് വേണ്ടി നിർമ്മിച്ച 184, ടൈപ്പ് -7 ബഹുനില ഫ്ലാറ്റ് സമുച്ചയം പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു.**
- **സംസ്ഥാനത്തെ സ്വകാര്യ ആശുത്രികളിൽ മികച്ചവയെ അന്താരാഷ്ട്ര സ്വകാര്യ കുത്തക കമ്പനികൾ സ്വന്തമാക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **79-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി 'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' കാമ്പയിൻ രാജ്യത്ത് പുരോഗമിക്കുന്നു.**
- **ലോക അത്‌ലറ്റിക്സ് കോണ്ടിനെന്റൽ ടൂർ വെങ്കല ലെവൽ മീറ്റിൽ വനിതാ ജാവലിൻ ത്രോവിൽ ഇന്ത്യയുടെ അന്നു റാണിയ്ക്ക് കിരീടം.**

## വാർത്തകൾ വിശദമായി

പാർലമെന്റിന്റെ ഇരുസഭകളും പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും തടസ്സപ്പെട്ടു. ലോക്സഭയും രാജ്യസഭയും ഉച്ചയ്ക്ക് രണ്ട് വരെ നിർത്തി വെച്ചു.

ബിഹാറിലെ വോട്ടർപട്ടിക വിഷയമുൾപ്പെടെ വിവിധ പ്രശ്നങ്ങൾ ഉന്നയിച്ചായിരുന്നു പ്രതിപക്ഷ ബഹളം. രാജ്യസഭയിലെ ശൂന്യവേളയിൽ സഭാനടപടികൾ ആരംഭിച്ചയുടൻ പ്രതിപക്ഷം ബിഹാർ പ്രശ്നത്തിൽ മുദ്രാവാക്യം വിളിച്ച് പ്രതിഷേധം ആരംഭിച്ചു. അഞ്ച് വിഷയങ്ങളിലായി 29

അടിയന്തര പ്രമേയ നോട്ടീസുകൾ ലഭിച്ചതായി സഭാധ്യക്ഷൻ അറിയിച്ചു. ബഹളം തുടർന്ന സാഹചര്യത്തിൽ സഭ രണ്ടു വരെ നിർത്തി വെക്കുന്നതായി അദ്ദേഹം അറിയിച്ചു.

ലോക്സഭയിലും ചോദ്യോത്തര വേള തടസ്സപ്പെടുത്തി പ്രതിപക്ഷാംഗങ്ങൾ ബിഹാർ പ്രശ്നം അടിയന്തര ചർച്ചയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ചു. കഴിഞ്ഞ 14 ദിവസവും സഭാനടപടികൾ ഈ വിഷയത്തിൽ തടസ്സപ്പെട്ടതായി ഓർമ്മിപ്പിച്ച സ്പീക്കർ ഓം ബിർള, ഇത് ജനാധിപത്യ പാരമ്പര്യത്തിന് യോജിച്ചതല്ലെന്ന് അംഗങ്ങളോട് പറഞ്ഞു. പ്രതിഷേധം തുടർന്നതോടെ ലോക്സഭയും ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചു.

✪✪✪

ന്യൂഡൽഹിയിൽ പാർലമെന്റ് അംഗങ്ങൾക്ക് വേണ്ടി നിർമ്മിച്ച 184, ടൈപ്പ് -7 ബഹുനില ഫ്ലാറ്റ് സമുച്ചയം പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. 2004 നും 2014 നും ഇടയിൽ MP മാർക്കായി ഒരു പാർപ്പിടം പോലും നിർമ്മിച്ചിട്ടില്ലെന്നും 2014ന് ശേഷം ഏകദേശം 350 പുതിയ എംപി വീടുകൾ നിർമ്മിച്ചതായും പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിലെ MP മാർ ഒരേ സമുച്ചയത്തിൽ താമസിക്കുന്നത് 'ഏക് ഭാരത് ശ്രേഷ്ഠ് ഭാരത്" ദർശനത്തെ പ്രതിഫലിപ്പിക്കുന്നതാണെന്നും നരേന്ദ്രമോദി പറഞ്ഞു.

കോടിക്കണക്കിന് ആളുകൾക്ക് ജീവൻ നൽകുന്ന രാജ്യത്തെ മഹാനദികളായ കൃഷ്ണ, ഗോദാവരി, കോസി, ഹൂഗ്ലി എന്നിവയുടെ പേരിലാണ് നാല് ടവറുകൾക്കും പേരിട്ടിരിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. നദികളുടെ പേര് നൽകിയതിലൂടെ രാജ്യത്തിന്റെ ഐക്യമാണ് സൂചിപ്പിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

79-ാമത് സ്വാതന്ത്ര്യദിന പ്രസംഗത്തിനായി ആശയങ്ങൾ പങ്കിടാൻ രാജ്യത്തെ ജനങ്ങളെ ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ചുവപ്പ്കോട്ടയിലെ പ്രസംഗത്തിൽ ഉൾപ്പെടുത്താനാണ് ആശയങ്ങൾ ക്ഷണിച്ചത്.

✪✪✪

പ്രധാൻമന്ത്രി ഫസൽ ബീമ യോജനയ്ക്ക് കീഴിൽ 3,200 കോടിയിൽപരം രൂപയുടെ വിള ഇൻഷുറൻസ് തുക ഇന്ന് നിക്ഷേപിക്കുമെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാൻ അറിയിച്ചു. 30 ലക്ഷത്തിലേറെ കർഷകരുടെ അക്കൗണ്ടുകളിലേക്ക് ഇൻഷൂറൻസ് തുക നേരിട്ടെത്തും. ഇത് ആദ്യ ഗഡുവാണ്.

✪✪✪

പ്രധാൻമന്ത്രി ഫസൽ ബീമ യോജനയ്ക്ക് കീഴിൽ 3,200 കോടിയിൽപരം രൂപയുടെ വിള ഇൻഷുറൻസ് തുക ഇന്ന് നിക്ഷേപിക്കുമെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാൻ അറിയിച്ചു. 30 ലക്ഷത്തിലേറെ കർഷകരുടെ അക്കൗണ്ടുകളിലേക്ക് ഇൻഷൂറൻസ് തുക നേരിട്ടെത്തും. ഇത് ആദ്യ ഗഡുവാണ്.

രാജസ്ഥാനിലെ ജുൻജുനുവിലാണ് വിതരണ ചടങ്ങ് സംഘടിപ്പിച്ചിരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കർഷർ നേരിട്ട് പരിപാടിയിൽ പങ്കെടുക്കും. ലക്ഷക്കണക്കിന് കർഷകർ വെർച്വലായും പരിപാടിയിൽ സംബന്ധിക്കും.

✪✪✪

79-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി 'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' കാമ്പയിൻ രാജ്യത്ത് പുരോഗമിക്കുന്നു. ദേശീയ പതാകയുമായി ജനങ്ങളുടെ ആത്മബന്ധം ശക്തിപ്പെടുത്താനും, അറിവു പകരാനും, രാഷ്ട്രനിർമാണത്തിലെ ജനകീയപങ്കാളിത്തത്തിന് കരുത്തേകാനും ലക്ഷ്യമിട്ടാണ്, ഈ മാസം രണ്ട് മുതൽ സ്വാതന്ത്ര്യദിനം വരെ, രാജ്യവ്യാപക കാമ്പയിൻ സംഘടിപ്പിക്കുന്നത്.

ഇന്ന് ഗുജറാത്തിലെ ഛോട്ടാഉദയ്പൂർ ജില്ലയിലെ ഗവൺമെന്റ് ആർട്സ് കോളജ് കവന്തിൽ തിരംഗ യാത്ര സംഘടിപ്പിക്കും.

മുംബൈയിൽ സ്വാതന്ത്ര്യ സമര സേനാനികളുടെയും സൈനികരുടെയും അചഞ്ചലമായ സമർപ്പണം, ത്യാഗം, ദേശസ്നേഹം എന്നിവയെ ആദരിക്കുന്നതിനായി മലാദിൽ തിരംഗ മാർച്ച് നടത്തി.

✪✪✪

ഹർ ഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയവും ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷനും സംയുക്തമായി ന്യൂഡൽഹിയിൽ മൂന്ന് ദിവസത്തെ ചലച്ചിത്ര മേള സംഘടിപ്പിക്കും. ഇന്ന് ആരംഭിക്കുന്ന ചലച്ചിത്ര മേളയുടെ ആദ്യ പ്രദർശനത്തിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവും കേന്ദ്ര സഹമന്ത്രി ഡോ. L മുരുകനും പങ്കെടുക്കും.

✪✪✪

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കൃത്രിമമുണ്ടായെന്ന ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയുടെ ആരോപണത്തിൽ തെളിവുകൾ ഹാജരാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നോട്ടീസ് അയച്ചു. കർണാടക ചീഫ്

ഇലക്ടറൽ ഓഫീസറാണ് മഹാദേവപുര നിയമസഭാ മണ്ഡലത്തിൽ വോട്ട് മോഷണമുണ്ടായെന്ന ആരോപണത്തിൽ വിശദീകരണം ആവശ്യപ്പെട്ടത്.

✪✪✪

സംസ്ഥാനത്തെ സ്വകാര്യ ആശുത്രികളിൽ മികച്ചവയെ പല അന്താരാഷ്ട്ര സ്വകാര്യ കുത്തക കമ്പനികൾ സ്വന്തമാക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി. ചികിത്സാ കേന്ദ്രം എന്നതിലുപരി ലാഭമുണ്ടാക്കാനാണ് അവർ ശ്രമിക്കുന്നത്. കേരളത്തിൽ എല്ലാം തികഞ്ഞ പൊതു ആരോഗ്യ സംവിധാനമാണ് നിലനിൽക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മന്ത്രി വീണ ജോർജ് അധ്യക്ഷയായിരുന്നു. കേന്ദ്ര ഗവൺമെന്റ് ആരോഗ്യരംഗത്തു ഏറ്റവും കൂടുതൽ പുരസ്കാരങ്ങൾ നൽകുന്നത് കേരളത്തിനാണെന്നും മന്ത്രി വീണാ ജോർജ് പറഞ്ഞു.

കിഫ്ബി ഫണ്ടിൽ നിന്ന് 61 കോടി 72 ലക്ഷം രൂപ ചെലവഴിച്ചാണ് അഞ്ച് നിലകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിച്ചത്.

✪✪✪

അമേരിക്ക ഇന്ത്യയ്ക്കു മേൽ ചുമത്തിയ അധിക തീരുവ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ സാരമായി ബാധിക്കുമെന്ന് മുഖ്യമന്ത്രി നേരത്തെ സമുചിത വിള നിർണ്ണയ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ അഭിപ്രായപ്പെട്ടു. ഇക്കാര്യം ആഴത്തിൽ പരിശോധിക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. ലാന്റ് റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റം വെബ്സൈറ്റും മുഖ്യമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു.

✪✪✪

കണ്ണൂർ പരിയാരം ഗവ.ആയുർവേദ കോളേജിൽ പൂർത്തിയായ ലേഡീസ് ഹോസ്റ്റലിന്റെ ഒന്നും രണ്ടും നിലകളും ഓപ്പൺ എയർ സ്റ്റേജും മന്ത്രി വീണ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. നാലു കോടി രൂപ ചെലവിലാണ് ലേഡീസ് ഹോസ്റ്റലിന്റെ പുതിയ നിലകൾ പൂർത്തിയാക്കിയത്. പത്തുലക്ഷം രൂപ ചെലവിലാണ് ഓപ്പൺ എയർ സ്റ്റേജ് പൂർത്തീകരിച്ചത്.

✪✪✪

കഴിഞ്ഞ നാല് വർഷത്തിൽ 6,000 കോടി രൂപ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന് വിനിയോഗിച്ചതായി മന്ത്രി ഡോ.R ബിന്ദു പറഞ്ഞു. കിഫ്ബിയിലൂടെ 1,500 കോടി രൂപയിലേറെ വരുന്ന പദ്ധതികളാണ് സർവകലാശാലകൾക്കും കലാലയങ്ങൾക്കുമായി തയ്യാറാക്കിയത്. തൃശ്ശൂർ

ശ്രീകേരളവർമ്മ കോളേജിൽ 14 കോടി 32 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച ആധുനിക അക്കാദമിക്ക് സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കണ്ണൂർ മുണ്ടേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിട സമുച്ചയം മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായി. മുദ്ര വിദ്യാഭ്യാസ പദ്ധതി വികസന പ്രവർത്തനത്തിന്റെ ഭാഗമായി മൂന്ന് കോടി 30 ലക്ഷം രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് കെട്ടിടം നിർമ്മിച്ചത്.

✪✪✪

സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുകയോ, ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുകയോ ചെയ്യില്ലെന്ന് മന്ത്രി K കൃഷ്ണൻകുട്ടി പറഞ്ഞു. ജലവൈദ്യുത പദ്ധതികൾ നടപ്പാക്കിയെങ്കിലേ വൈദ്യുതി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയൂ എന്നും, എന്നാൽ മാധ്യമങ്ങളുൾപ്പെടെ പദ്ധതികൾക്ക് എതിരാകുന്ന അവസ്ഥയാണ് കേരളത്തിലേതെന്നും മന്ത്രി ഫേസ്ബുക്ക് വിഡിയോയിൽ വ്യക്തമാക്കി. എങ്കിലും പ്രതിസന്ധികൾ മറികടന്നും എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്നും കൃഷ്ണൻകുട്ടി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ കയർപിരിക്കുന്ന തൊഴിലാളികളുടെ ദിവസക്കൂലി 350 രൂപയിൽ നിന്ന് 400 രൂപയാക്കിയതായി മന്ത്രി P രാജീവ് അറിയിച്ചു. ഇവർക്ക് കൂലി നൽകുന്നതിന് മൂന്നര കോടി രൂപയാണ് ചെലവായി കണക്കാക്കുന്നതെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. കയർപിരി സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഒരു കിലോ കയറിന് മൂന്നര മുതൽ ആറര രൂപ വരെ വർദ്ധന ഉണ്ടായ സാഹചര്യത്തിലാണ് പരമ്പരാഗത E- റാട്ടിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദിവസക്കൂലി വർദ്ധിപ്പിച്ചതെന്ന് മന്ത്രി വ്യക്തമാക്കി.

✪✪✪

കണ്ണൂർ ആറളത്ത് ഗജമുക്തി പദ്ധതിക്ക് തുടക്കമായി. ഫാമിലും പുനരധിവാസമേഖലയിലും തുടരുന്ന കാട്ടാനകളെ വനത്തിലേക്ക് തുരത്തുന്ന നടപടിക്കാണ് രാവിലെ തുടക്കമായത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്)..............

✪✪✪

കണ്ണൂർ നോർത്ത് AEO ഓഫീസിൽ മന്ത്രി V ശിവൻകുട്ടി മിന്നൽ സന്ദർശനം നടത്തി. ഫയൽ നീക്കം വൈകുന്നതിൽ ലഭിച്ച പരാതിയെ തുടർന്നാണ് സന്ദർശനം. ഒൻപത് വർഷമായി നിയമന അംഗീകാരവുമായി ബന്ധപ്പെട്ട ഫയൽ തടഞ്ഞു വച്ചതായി പരാതി ഉണ്ടായിരുന്നു.

✪✪✪

ഒഡീഷയിലെ ഭുവനേശ്വറിൽ ലോക അത്‌ലറ്റിക്സ് കോണ്ടിനെന്റൽ ടൂർ വെങ്കല ലെവൽ മീറ്റിൽ വനിതാ ജാവലിൻ ത്രോവിൽ ഇന്ത്യയുടെ അന്നു റാണിയ്ക്ക് കിരീടം. ഇന്ത്യയുടെ തന്നെ ദീപികയ്ക്കാണ് മൂന്നാം സ്ഥാനം.

പുരുഷ വിഭാഗത്തിൽ ഇന്ത്യയുടെ ശിവം ലോഹകരെ വെള്ളി ഉറപ്പിച്ചു. മുരളി ശ്രീശങ്കർ അവസാന ശ്രമത്തിൽ 8.13 മീറ്റർ എറിഞ്ഞ് പുരുഷന്മാരുടെ ലോംഗ്ജമ്പ് കിരീടം നേടി.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിലെ വോട്ടർപട്ടിക പുതുക്കുന്ന നടപടികൾ പുരോഗമിക്കുന്നു. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനും നാളെ വരെയാണ് സമയം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30ന് പ്രസിദ്ധീകരിക്കും.

✪✪✪

വിനോദ സഞ്ചാരവകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓണം വാരാഘോഷം ഓഗസ്റ്റ് 31-ന് തുടങ്ങുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. പൂക്കള മത്സരത്തോടെയാണ് പരിപാടികൾ ആരംഭിക്കുന്നത്. ജില്ലയിൽ കോപ്പറേഷൻ പരിധിയിൽ നൂറോളം വേദികളിൽ ഓഗസ്റ്റ് 31-ന് പൂക്കള മത്സരം നടത്തും.

ഏഴ് ദിവസത്തെ ഓണാഘോഷത്തിൽ ജില്ലയിലെ ഒൻപതു വേദികളിലായി പരിപാടികൾ അവതരിപ്പിക്കും.

✪✪✪

കോഴിക്കോട് തുഷാരഗിരി ഇക്കോ ടൂറിസം സെന്ററിൽ ഗോത്ര വിഭാഗങ്ങളിലെ കുടുംബങ്ങൾക്കായി സ്നേഹ ഹസ്തം മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. മന്ത്രി AK ശശീന്ദ്രൻ ക്യാമ്പ് സന്ദർശിച്ചു.

✪✪✪

രാജ്യസ്നേഹവും മൂല്യബോധവും ചെറുപ്പം മുതൽ കുട്ടികളിൽ വളർത്തിഎടുക്കാൻ ജവഹർ ബാൽ മഞ്ചിന്റെ പ്രവർത്തനങ്ങൾ വഴി സാധിക്കുമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് അഭിപ്രായപ്പെട്ടു. 'ജവഹർ ബാൽ മഞ്ച് കൊടി പാറട്ടേ' ചടങ്ങിന്റെ സംസ്ഥാനതല പരിപാടി കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന ചെയർമാൻ സുരേഷ് K. കരുൺ അധ്യക്ഷനായിരുന്നു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRT: അനിൽ ചന്ദ്രൻ*
*DEO : ഷീബ*